# ഫിർഔനിന്റെ ശരീരം

**മുസ്ലിമീങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു ശുബ്ഹത്തും അതിന്ന് സുന്നി പണ്ഡിതന്മാർ നൽകുന്ന മറുപടിയും**

بسم الله الرحمن الرحيم. الحمد لله أشهد أن لا إله إلا الله وحده لا شريك له وأن محمدا عبده ورسوله صلى الله عليه وآله وسلم تسلما كثيرا، أما بعد

ഇന്നു മുസ്ലിമീങ്ങൾക്കിടയിൽ പ്രചാരത്തിലുള്ള ഒരു സംശയമാണ് മിസ്റിലെ മ്യൂസിയത്തിൽ സൂക്ഷിച്ചുവെച്ചിട്ടുള്ള ശരീരം മൂസ عليه السلام ന്റെ കാലത്ത് അല്ലാഹു കടലിൽ മുക്കി കൊന്നുകളഞ്ഞ ഫിർഔനിന്റെതാണ് എന്നത്. ഖേദകരമെന്നു പറയട്ടെ ബഹുഭൂരിപക്ഷം പേരും ആ ശരീരം ഫിർഔനിന്റെതാണ് എന്നാണ് ധരിച്ചുവെച്ചിരിക്കുന്നത്. വിശുദ്ധഖുർആനിന്റെ ദൈവികത സ്ഥാപിക്കാൻ വേണ്ടി ശാസ്ത്രത്തിനെ കൂട്ടുപിടിക്കുന്ന ഒരു പ്രവണതയാണ് ഈ അപകടകരമായ അവസ്തയിലേക്ക് മുസ്ലിമീങ്ങളെ കൊണ്ടെത്തിച്ചത്. **ഇന്ന് പറഞ്ഞത് നാളെ മാറ്റിപ്പറയുന്ന ശാസ്ത്രത്തിന്റെ മേമ്പൊടി വേണ്ട നമുക്ക് അല്ലാഹുവിന്റെ കലാമിനെ സത്യപ്പെടുത്താൻ**. ഇതു മുസ്ലിമീങ്ങൾ മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നയേനെ... അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ.

ഈ വിഷയം സംബന്തിച്ചു അഹ്ലുസ്സുന്നയുടെ ഉലമാക്കൾ എന്താണ് പറയുന്നത് എന്ന് മനസ്സിലാക്കിയാൽ തന്നെ ഈ സംശയം ദൂരികരിക്കപ്പെടുമെന്ന് നമ്മൾ പ്രത്യാശിക്കുന്നു. കാരണം സാധാകരണക്കാർക്കിടയിൽ സംശയങ്ങൾ ഉടലെടുത്താൽ എന്താ**ണ** ചെയ്യേണ്ടത് എന്ന് അല്ലാഹു മുസ്ലിമീങ്ങളെ പടിപ്പിച്ചിട്ടുണ്ട്. അല്ലാഹു പറഞ്ഞു

فَاسْأَلُوا أَهْلَ الذِّكْرِ إِنْ كُنْتُمْ لَا تَعْلَمُونَ:

നിങ്ങൾ അറിവില്ലത്തവരാണെങ്കിൽ അഹ്ലുദിഖ്റിനോട് (പണ്ഡിതന്മാരോട്) ചോദിക്കുക[1]

[1] സൂറത് അൻബിയാ;7

പ്രാമാണികരായ സുന്നി പണ്ഡിതന്മാർ ഈ വിഷയം എങ്ങനെയാണ് വിശദീകരിച്ചിരിക്കുന്നത് എന്ന് നോക്കാം...

അല്ലാഹു പറഞ്ഞു:

فَالْيَوْمَ نُنَجِّيكَ بِبَدَنِكَ لِتَكُونَ لِمَنْ خَلْفَكَ آيَةً

നിന്റെ പുറകെ വരുന്നവർക്കു നീ ഒരു ദൃഷ്ടാന്തമായിരിക്കാൻ വേണ്ടി ഇന്ന് നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തിയെടുക്കുന്നതാണ് [2]

ഈ ആയതിനെയാണ് ഫിർഔനിന്റെ ശരീരം ലോകാവസാനം വരെ എതെങ്കിലും മ്യൂസിയത്തിലോ വേറെയെവിടെയെങ്കിലുമൊ ആയി സൂക്ഷിച്ചുവെക്കപ്പെടും എന്ന് പറയുന്നവർ തെളിവായി ഉദ്ദരിച്ചുകാണപ്പെടുന്നത്. ഇങ്ങനെ ഒരോ ആയത്തുകൾക്കും സ്വന്തം തലയിൽ ഉദിക്കുന്ന വ്യഖ്യാനങ്ങൾ നൽകിയാൽ എത്രമാത്രം അപകടത്തിലേക്കാണ് നമ്മൾ ചെന്നെത്തിപ്പെടുക.

**മുഫസ്സിറുകളിൽ പെട്ട മഹാനായ പണ്ഡിതൻ ഇസ്മായീൽ ഇബ്ൻ ഉമർ ബിൻ കസീർ** رحمه الله **ഈ ആയത്തിനുള്ള വിശദീകരണമായിപ്പറയുന്നു;**

قال ابن عباس وغيره من السلف : إن بعض بني إسرائيل شكوا في موت فرعون ، فأمر الله تعالى البحر أن يلقيه بجسده سويا بلا روح ، وعليه درعه المعروفة ، على نجوة من الأرض ، وهو المكان المرتفع ، ليتحققوا موته وهلاكه ، ولهذا قال تعالى : ( فاليوم ننجيك ) أي : نرفعك على مكان بارز من الأرض ، ( ببدنك ) قال مجاهد : بجسدك ، وقال الحسن :

---

[2] സൂറത്ത് യൂനുസ്; 92

بجسم لا روح فيه ، وقال عبد الله بن شداد : سويا صحيحا : أي لم يتمزق ، ليتحققوه ويعرفوه ، وقال أبو صخر : بدرعك . وكل هذه الأقوال لا منافاة بينها كما تقدم والله أعلم

وقوله : " لتكون لمن خلفك آية " أي : لتكون لبني إسرائيل دليلا على موتك وهلاكك ، وأن الله هو القادر الذي ناصيةُ كلِّ دابةٍ بيده ، وأنه لا يقوم لغضبه شيء

ഇബ്നു അബ്ബാസും رضي الله تعالى عنه സലഫുകളിൽ പെട്ട മറ്റുള്ളവരും പറഞ്ഞു: ബനൂ-ഇസ്രയീലരിൽ പെട്ട ചിലർ ഫിർഔനിന്റെ മരണത്തിൽ സംശയാകുലരായി, അതുകൊണ്ട് അല്ലാഹു ഫിർഔനിന്റെ ശരീരം ജീവനില്ലാത്ത അവസ്ഥയിൽ, ഫിർഔനിന്റെ പ്രസിദ്ധമായ പടച്ചട്ട സഹിതം കുറച്ച് ഉയർന്ന പ്രദേശത്തേക്ക് എറിയാൻ കടലിനൊട് കൽപിച്ചു. അവൻ മരിച്ചു എന്ന് ജനങ്ങൾക്ക് സംശയം കൂടാതെ മനസ്സിലാക്കാൻ വേണ്ടി..

അപ്പോൾ അല്ലാഹു പറഞ്ഞു: "**ഇന്നു നിന്റെ (മൃത) ശരീരത്തെ നാം (കടലിൽ നിന്നും) രക്ഷപെടുത്തിയെടുക്കുന്നതാണ്.**"

അഥവാ ഭൂമിയുടെ ഒരുയർന്ന ഭാഗത്തേക്ക് നിന്നെ നാം ഉയർത്തുന്നതാണ്..

**(നിന്റെ ശരീരത്തെ)**

മുജാഹിദ് رحمه الله പറഞ്ഞു: നിന്റെ ശരീരത്തെ
ഹസൻ رحمه الله പറഞ്ഞു; ആത്മാവ് ഇല്ലാത്ത നിലയിലുള്ള നിന്റെ ശരീരത്തെ,
അബ്ദുല്ലാഹ് ബിൻ ശദ്ദാദ് رحمه الله പറഞ്ഞു; അത് ഫിർഔനാണ് എന്ന് സംശയഭേദമന്യെ മനസ്സിലാക്കാൻ വേണ്ടി ചീഞ്ഞു പോകാത്തതും ഒന്നും വിട്ടുകളയാത്തതും പൂർണമായതുമായ നിലയിൽ.
അബൂ ശക്ര് رحمه الله പറഞ്ഞു; അവന്റെ പടച്ചട്ടയോടു കൂടെ..

ഇബ്ന് കസീർ പറയുന്നു; ഈ അഭിപ്രായങ്ങളൊന്നും പരസ്പരം വിരുദ്ധമായി വരുന്നില്ല..

**(നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുന്നതിന് വേണ്ടി)**

"ബനൂ-ഇസ്രാഈലർക്ക് നീ (ഫിർഔൻ) മരിച്ചു എന്നതിന് ഇത് ഒരു തെളിവായിരിക്കും, അതുപൊലെ അല്ലാഹുവാണ് എല്ലാറ്റിനും കഴിവുള്ളവൻ എന്നതിനും. എല്ലാത്തിന്റെയും നിയന്ത്രണാധികാരം അവന്റെ കയ്യിലാണെന്നതിനും അവന്റെ കോപത്തെ തടുക്കാൻ ഒന്നിനും സാധ്യമല്ല എന്നതിനും ഇതിൽ തെളിവുകളുണ്ട്" [3]

**ശൈഖ് അൽ-അല്ലാമാ അൽ-ഫഖീഹ് മുഹമ്മദ് ബിൻ സ്വാലിഹ് അൽ-ഉസൈമീൻ حفظه الله പറയുന്നു;**

ليس لهم مستند إطلاقاً، لكن الذين يريدون أن يفتخروا بآثار الفراعنة -وبئس ما فخروا وفرحوا به-هم الذين يقولون: إن فرعون صاحب موسى موجود في الأهرامات، هذا كذب وكلام لا أصل له، رجل في وسط البحر وفي عذاب كيف يمكن لأحد أن يجرأ على أن يستخرج هذه الجثة من البحر؟ هل يمكن؟! وأين الأدوات وأين الآلات التي تحفظه حتى يأتي من يبني الأهرام ويجعله في الأهرام؟ أين هذا؟! هذا كذب وباطل. لكن كما قلت: الذين صار فيهم جنون حب الآثار هم الذين يأخذون مثل هذا. ثم أي فخر لنا -أيها الإخوان- في جسد أهلكه الله عز وجل، كذب الله وكذب رسوله؟ أي فخر لنا بهذا؟ لا فخر بهذا...

അവർക്ക് യാതൊരു അടിസ്ഥാനവും ഇല്ല. പക്ഷെ ഫറോവമാരുടെ ശേഷിപ്പുകളിൽ അഭിമാനിക്കുന്ന ആളുകൾ അവരാണ് പറയുന്നത്

---

[3] 2/565 تفسير القرآن العظيم

പിരമിഡിനുള്ളിൽ നിന്ന് കിട്ടിയത് മൂസ عليه السلام ന്റെ കാലത്ത് ഉള്ള ഫറവോയുടെ ശരീരമാണെന്ന്. ഇത് കളവാണ്, യാതൊരു അടിസ്ഥാനവുമില്ലാത്ത സംസാരമാണ്. കടലിന്ന് നടുവിൽ അല്ലാഹു ശിക്ഷിച്ച ഒരു മനുഷ്യൻ, അവന്റെ ശരീരം കടലിൽ നിന്ന് പുറത്തെടുക്കുവാൻ ആർക്കാണ് സാധിക്കുക? ഇത് സാധ്യമാണോ?? മാത്രമല്ല **പിരമിഡുകൾ നിർമിക്കുകയും ഈ ശരീരം പിരമിഡിനുള്ളിൽ സൂക്ഷിക്കുകയും ചെയ്യുന്ന കാലം വരെ എങ്ങനെയാണ് ഈ ശരീരം സംരക്ഷിച്ചത്? അതെവിടെയായിരുന്നു?** ഇത് കളവാണ്. നിരർത്ഥകമായ വാദമാണ്. പക്ഷേ ഞാൻ പറഞ്ഞത് പോലെ **പുരാവസ്ഥുസ്നേഹം കൊണ്ട് ഭ്രാന്ത് പിടിച്ച ആളുകൾ, അവരാണ് ഇതൊക്കെ സ്വീകരിക്കുന്നത്.** മാത്രവുമല്ല, സഹോദരന്മാരെ നമുക്ക് അഭിമാനിക്കാൻ എന്ത് വകുപ്പാണുള്ളത്? അല്ലാഹു നശിപ്പിച്ച ഒരു ശരീരത്തെ,അല്ലാഹുവിനെയും റസൂലിനെയും നിഷേധിച്ച ഒരാൾ, ഇതുകൊണ്ട് നമുക്കെന്തഭിമാനം. യാതൊരു അഭിമാനവുമില്ല....[4]

**ആധുനിക പണ്ഡിതന്മാരിൽ പ്രമുഖനായ ശൈഖ് അല്ലാമാ സ്വാലിഹ് അൽ–ഫൗസാൻ** حفظه الله **പറഞ്ഞു:**

أي : لتكون لبني إسرائيل دليلاً على موتك وهلاكك ، وأن الله هو القادر الذي ناصيةُ كل دابَّة بيده ، لا يقدر أحد على التخلُّص من عقوبته ، ولو كان ذا سُلطة ومكانة بين الناس .

ولا يلزم من هذا أن تبقى جثَّةُ فرعون إلى هذا الزَّمان ، كما يظنُّهُ الجُهَّالُ ؛ لأن الغرض من إظهار بدنه من البحر معرفةُ هلاكه وتحقُّقُ ذلك لمن شكَّ فيه من بني إسرائيل ، وهذا الغرض قد انتهى ، وجسم فرعون كغيره من الأجسام ، يأتي عليه الفناء ، ولا يبقى منه إلا ما يبقى من غيره ، وهو عَجْب الذَّنَبِ ، الذي منه يُرَكَّبُ خلقُ الإنسان يوم القيامة ؛ كما في الحديث ؛ فليس لجسم فرعون ميزةٌ على غيره من الأجسام . والله أعلم

---

[4] سلسلة لقاءات الباب المفتوح 183

എന്ന് വെച്ചാൽ നിന്റെ മരണവും നാശവും ഇസ്രായീൽ സന്തതികൾക്ക് തെളിവാകുവാൻ വേണ്ടിയാണ്. അല്ലാഹു സർവശക്തനാണെന്നും ജീവചാലങ്ങളുടെയെല്ലാം നിയന്ത്രണം അവന്റെ കയ്യിലാണെന്നും, ജനങ്ങളുടെയടുക്കൽ പ്രതാപവും അധികാരവും ഉള്ളവനായാലും ശരി, ആർക്കും തന്നെ അവന്റെ ശിക്ഷയിൽ നിന്നും ഒഴിഞ്ഞുമാറാൻ സാധിക്കുകയില്ലെന്നും (മനസ്സിലാക്കുവാൻ വേണ്ടി)..

**ഇതൊരിക്കലും തന്നെ ചില വിവരമില്ലാത്തവർ ചിന്തിച്ചെടുത്തത് പോലെ ഫിർഔനിന്റെ ശരീരം നമ്മുടെ കാലഘട്ടം വരെ സൂക്ഷിക്കപ്പെടും എന്നതിന് തെളിവല്ല**.അവന്റെ ശരീരം കടലിൽ നിന്ന് വലിച്ചെറിയപ്പെടാനുള്ള കാരണം എന്താണെന്നു വെച്ചാൽ, അവൻ മരിച്ചു എന്ന് അറിയപ്പെടുവാനും ഇസ്രായീൽ സന്തതികളിൽ പെട്ട ചിലരുടെ സംശയങ്ങളെ ദൂരീകരിക്കാനും വേണ്ടിയായിരുന്നു. ഈ ആവശ്യമാകട്ടെ പൂർത്തീകരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഫിർഔനിന്റെ ശരീരം മറ്റു ശരീരങ്ങളെ പോലെത്തന്നെയാണ്. തീർച്ചയായും അത് നശിക്കുന്നതാണ്. അന്ത്യനാളിൽ മനുഷ്യനെ ഏതൊന്നിൽ നിന്ന് ഉയർത്തെഴുന്നേൽപിക്കുമെന്ന് ഹദീസിൽ വന്നിട്ടുണ്ടോ, (അഥവാ) ആ മുതുകെല്ലിന്റെ അറ്റം ഒഴികെ മറ്റൊന്നും അതിൽ ബാക്കിയുണ്ടാവുകയില്ല. അതുകൊണ്ട് ഫിർഔനിന്റെ ശരീരം മറ്റു ശരീരങ്ങളിൽ നിന്ന് ഒട്ടും വ്യത്യസ്ഥമല്ല.. [5]والله أعلم

**യെമനിലെ ദാറുൽ ഹദീസിലെ അധ്യാപകനായ മുഹദ്ദിസുകളിൽ പെട്ട നാസിഹുൽ അമീൻ യഹ്‌യ ബിൻ അലി അൽ– ഹജൂരി حفظه الله പറഞ്ഞു;**

---

[5] المنتقى من فتاوى الفوزان" (1/سؤال رقم 132)

قال غير واحد من المفسرين: إن بني إسرائيل شكّوا في هلاك فرعون فأمر الله البحر أن يلقيه بجسده بلا روح، وعلى نحو من الأرض وهو المكان المرتفع ليتحققوا هلاكه، وقوله: ﴿لِتَكُونَ لِمَنْ خَلْفَكَ آيَةً﴾ أي: تكون دليلًا يعتبرون بهلاكه كما أخبر الله عز وجل، وليس فيها أن تلك الجثث الموجودة في بقاع شتى هي جثة فرعون، لقد حصلت حروب وسيول وعواصف، من تلك الأزمان إلى يومنا هذا، هذا والنبي صلى الله عليه وآله وسلم ما أبان شيئًا عما يتعلق بجثة فرعون، لم يثبت عنه في ذلك شيء، وهكذا الذين كانوا بمصر من أصحاب النبي صلى الله عليه وآله وسلم بمن فيهم عمرو بن العاص رضي الله عنه؛ إذ كان أميرًا عليها، لم يأت عنهم في جثة فرعون شيء من الآثار، وربما تواترت عنهم الآثار في أدنى من ذلك، وقد قال النبي صلى الله عليه وآله وسلم لعلي بن أبي طالب لما قال: إن عمك الضال قد مات قال: «اذهب فواره ولا تحدث شيئًا»، وأهل العلم على موارات جثة الكافر، وقد وارى النبي صلى الله عليه وآله وسلم جثث قتلى بدر في القليب، مما يدل على أن جثة فرعون لو كانت في زمن النبي وأصحابه لأمر بمواراتها، وإن بقاءها هي أو غيرها من الجثث بلا دفن غير مشروع لهذه الأدلة، ولحديث: «أسرعوا بالجنازة فإن كانت صالحة قالت: قدموني قدموني، وإن كانت غير ذلك قالت: يا ويلها أين يذهبون بها»، والحديث في الصحيح

മുഫസ്സിരീങ്ങളിൽ പെട്ട ഒന്നിലധികം പേർ പറഞ്ഞിട്ടുള്ളത്: ഫിർഔനിന്റെ മരണത്തിൽ ബനൂ-ഇസ്രാഈലർക്ക് സംശയം വന്നു. അപ്പോൾ അവന്റെ മരണത്തെ സ്ഥിരീകരിക്കാനായി ഭൂമിയിലെ ഒരുയർന്ന പ്രദേശത്തെക്ക് ഫിർഔനിന്റെ ആത്മാവില്ലാത്ത ശരീരത്തെ പുറത്തേക്കിടുവാൻ വേണ്ടി അല്ലാഹു കടലിനോട് കൽപിച്ചു. **നിനക്ക് ശേഷമുള്ളവർക്ക് ഒരു ദൃഷ്ടാന്തമാകുവാൻ വേണ്ടി** എന്ന ആയത്ത് **നിന്റെ മരണത്തിലൂടെ ആളുകൾ പടിക്കാൻ വേണ്ടിയാണ്** എന്നാണ് അല്ലാഹു അറിയിച്ചത്. എന്നാൽ വ്യത്യസ്ഥ സ്ഥലങ്ങളിലായി കാണപ്പെടുന്ന ഈ ശവശരീരങ്ങൾ ഫിർഔനിന്റെ ജഡമാണ് എന്ന് പറയാൻ ഈ ആയത്തിൽ തെളിവുകളില്ല.. ധാരാളം യുദ്ധങ്ങളും

കൊടുങ്കാറ്റുകളും വെള്ളപ്പൊക്കങ്ങളുമൊക്കെ അന്നുമുതൽ ഇന്ന് വരെ ഈ പറഞ്ഞ സ്ഥലങ്ങളിൽ കഴിഞ്ഞുപോയിട്ടുണ്ട്. അതുമാത്രവുമല്ല നബി صلى الله عله وسلم അവന്റെ ശവശരീരവുമായി ബന്ധപ്പെട്ട് ഒരു കാര്യവും പറഞ്ഞുതന്നിട്ടുമില്ല..നബി صلى الله عله وسلم യിൽ നിന്ന് അതുമായി ബന്ധപ്പെട്ട ഒന്നും സ്ഥിരപ്പെട്ടിട്ടുമില്ല. അവിടെ ഈജിപ്തിൽ നബി صلى الله عله وسلم യുടെ സഹാബികൾ ദരിച്ചിരുന്നു. അവരിൽതന്നെ അമ്റ് ബിൻ അൽ- ആസ് رضي الله تعالى عنه അവിടെ അമീറായിട്ട് ഉണ്ടായിരുന്നു. ഇത്രയൊക്കെയായിട്ടും അവിടെ നിന്നൊന്നും തന്നെ ഫിർഔനിന്റെ ശരീരവുമായി ബന്ധപ്പെട്ട ഒരു അഥറും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുമില്ല. അതിനെക്കാൾ വളരെ ലഘുവായ കാര്യങ്ങളിൽപോലും അഥറുകൾ മുതവാതിർ ആയി വന്നിട്ടുമുണ്ട്. എന്നാൽ ഫിർഔനിന്റെ ജഡതിന്റെ കാര്യത്തിൽ അത് ഉണ്ടായിട്ടില്ല. അലി رضي الله تعالى عنه നോട് റസൂൽ صلى الله عله وسلم ഇങ്ങനെ കൽപിച്ചിട്ടുണ്ട് "നിന്റെ പിഴച്ചവനായ പിതൃവ്യൻ മരിച്ചിരിക്കുന്നു, അവനെ മറമാടുക, നീ ഒന്നും പറയേണ്ടതില്ല" കാഫിറിന്റെ ശരീരം മറമാടണമെന്നാണ് പണ്ഡിതർ പറഞ്ഞിട്ടുള്ളത്. നബി صلى الله عله وسلم ബദ് റിൽ മരിച്ച കാഫിറുകളിടെ ശവശരീരങ്ങൾ കുഴിച്ചുമൂടിയിട്ടുണ്ട്. നബി യുടെ കാലത്തോ സഹാബത്തിന്റെ കാലത്തോ ഫിർഔനിന്റെ ശവം ഉണ്ടായിരുന്നെങ്കിൽ അവരതിനെ കുഴിച്ചുമൂടുവാൻ കൽപിക്കുമായിരുന്നു. അവർ അതിനെ കുഴിച്ചുമൂടാൻ കൽപിച്ചിട്ടില്ല എന്നതും ഈ ശവശരീരം ഫിർഔനിന്റേതല്ല എന്നതിനുള്ള തെളിവാണ്. അതു പോലെ ഫിർഔനിന്റേതാകട്ടെ മറ്റാരുടേതെങ്കിലുമാകട്ടെ, കുഴിച്ച് മൂടപ്പെടാതെ കിടക്കുക എന്നത് ശരിയല്ല. മറ്റൊരു ഹദീസും ഇതിന് തെളിവാണ്: "നിങ്ങൾ ജനാസയെ വേഗത്തിലാക്കണം, അത് സ്വാലിഹായ ആളുടെ ശരീരമാണെങ്കിൽ 'വേഗം കൊണ്ട് പോകൂ വേഗം കൊണ്ട് പോകൂ' എന്നത് പറയും. മറിച്ചാണെങ്കിൽ 'നിങ്ങൾ എങ്ങോട്ടാണ് എന്നെ കൊണ്ട് പോകുന്നത്' എന്ന് അത് പറയും" ഇത് സഹീഹിൽ രേഖപ്പെടുത്തിയിട്ടുണ്ട്..[6]

---

[6] الجواب الكافي عن أسئلة شباب الحامي، بتاريخ: السبت ٨ جمادى الآخرة ١٤٢٣هـ.. بدماج- دار الحديث.

**യെമനിലെ ദാറുൽ ഹദീസിലെത്തന്നെ അധ്യാപകനായ ശൈഖ് മുഹമ്മദ് ബിൻ ഹിസാം അൽ– ബഅ്ദാനി حفظه الله പറയുന്നു;**

ليس عندنا من الأدلة ما يدل على أن مايدعونه أنه فرعون نفسه الذي عادى موسى عليه السلام ويقولون: إنه محنط في الأهرام بمصر وهذا ليس عندنا عليه دليل وقد فتحت مصر في عهد عمر بن الخطاب رضي الله عنه بإمرة عمرو بن العاص رضي الله عنه ولم يذكروا شيئا من ذلك ولو وجدوها لأتلفوها أو دفنوها أو أخفوها فهؤلاء الذي يصورون صورة ويقولون هذه صورة فرعون ليس عندهم أدلة في ذلك وأما قوله تعالى :" فاليوم ننجيك ببدنك لتكون لمن خلفك آية``

أي :أن الله عز وجل أخرج بدنه بعد الغرق حتى يراه الناس ويتعظون ويكون آية لمن بعده، أن ادعاءه للربوبيه وطغيانه وجبروته لم ينفعه وأنه خرج هالكاً أظهر الله بدنه للناس حتى يتعظوا وليس المقصود أن بدنه يبقى إلى قيام الساعه والنبي صلى الله عليه وسلم يقول:( كل ابن آدم يبلى إلاعجب الذنب منه خلق ومن يركب) فلايمكن أن يُبقون الجثة على حالها إلى يومنا هذا حتى بالتحنيط آلاف السنين هذا ليس بصحيح

മൂസ عليه السلام ന്റെ കാലത്ത് അദ്ധേഹത്തോട് ശത്രുത കാണിച്ച ഫിർഔനിന്റെ ശരീരമാണ് ഇപ്പോൾ മിസ്റിൽ ഉള്ളത് എന്നതിന്ന് നമ്മുടെ അടുക്കൽ തെളിവുകളില്ല. ഈജിപ്തിലെ പിരമിഡുകളിൽ ശരീരം നശിക്കാതിരിക്കാൻ ഇന്നാലിന്നതൊക്കെ പുരട്ടി സൂക്ഷിച്ചുവെച്ചു എന്ന് പറയുന്നതിന്ന് നമ്മുടെ അടുക്കൽ തെളിവുകളില്ല... ഉമർ ബിൻ ഖത്താബ് رضي الله تعالى عنه ന്റെ കാലത്ത് തന്നെ അമ്ർ ബിൻ ആസിന്റെ رضي الله تعالى عنه നേതൃത്വത്തിൽ ഈജിപ്ത് മുസ്ലിമീങ്ങൾക്ക് കീഴിൽ വന്നിട്ടുണ്ട്. എന്നാൽ അവരാരും തന്നെ ഇങ്ങനെയൊരു കാര്യം പറഞ്ഞിട്ടില്ല. അവരത് കണ്ടിരുണുവെങ്കിൽ അവരത് നശിപ്പിക്കുകയോ

കുഴിച്ച് മൂടുകയോ ഒളിപ്പിച്ചുവെക്കുകയോ ചെയ്യുമായിരുണു..എന്നാൽ ഫോട്ടോ എടുത്ത് ഇത് ഫിർഔനിന്റേതാണ് എന്ന് പറഞ്ഞ് പ്രചരിപ്പിക്കുന്നവരുടെ അടുക്കൽ അതിന്ന് തെളിവുകളില്ല. എന്നാൽ ഖുർആനിലുള്ള ആയത് അഥവാ **നിന്റെ പുറകെ വരുന്നവർക്ക് നീ ഒരു ദൃഷ്ടാന്തമായിരിക്കുന്നതിന്ന് വേണ്ടി ഇന്ന് നിന്റെ ശരീരത്തെ നാം രക്ഷപ്പെടുത്തി എടുക്കുന്നതാണ്** എന്നത്, ഇതിന്റെ അർത്ഥം അല്ലാഹു ഫിർഔനിനെ വെള്ളത്തിൽ മുക്കി നശിപ്പിച്ചതിനു ശേഷം ജനങ്ങൾക്ക് മനസ്സിലാകാൻ വേണ്ടി അതിനെ (ഫിർഔനിന്റെ ശവത്തെ) പുറന്തള്ളി എന്നതാണ്. അവർക്ക് അതൊരു പാഠമാകുവാൻ വേണ്ടി, അഥവാ അവൻ (ഫിർഔൻ) റബ്ബാണ് എന്ന് വാദിച്ചതും അവന്റെ ധിക്കാരവും അഹങ്കാരവും അധികാരവുമൊന്നും അവന്നുപകാരപ്പെട്ടില്ല എന്ന പാഠം.. അവൻ മരിച്ചുകഴിഞ്ഞിട്ടുണ്ട് എന്ന് ജനങ്ങളെ കാണിക്കാൻ വേണ്ടിയും അവർ പാഠമുൾക്കൊള്ളാൻ വേണ്ടിയും അല്ലാഹു ഫിർഔനിന്റെ ശരീരം ഒരിക്കൽ മുക്കിനശിപ്പിച്ചതിന്ന് ശേഷം പുറന്തള്ളി...

എന്നാൽ ഖിയാമത്ത്നാൾ വരെ ഫിർഔനിന്റെ ശരീരം ബാക്കിയാകും എന്നതിന്ന് ഈ ആയത്തിൽ തെളിവില്ല. മാത്രമല്ല റസൂലുല്ലാഹി പറഞ്ഞിട്ടുണ്ട്. "ആദം സന്തതികളുടെ ശരീരം മുഴുവൻ നശിക്കും,വാൽക്കുറ്റി (നട്ടെല്ലിന്റെ അവസാനത്തിലുള്ള ഒരു ചെറിയ ഭാഗം) ഒഴികെ, അതിൽനിന്നാണ് മനുഷ്യൻ സൃഷ്ടിക്കപ്പെട്ടത്, അതിൽ നിന്ന് തന്നെ പുനസൃഷ്ടിക്കപ്പെടുകയും ചെയ്യും" അതുകൊണ്ടുതന്നെ ആളുകൾക്ക് ശരീരം ഇങ്ങനെ അധികകാലം നിലനിർത്താനാവുകയില്ല (ഫിർഔനിന്റെ കാലം തൊട്ട് ഈ കാലം വരെ). നശിക്കാതിരിക്കാനുള്ള സജ്ജീകരണങ്ങൾ ചെയ്തുവെച്ചാൽ പോലും ആയിരക്കണക്കിന് വർഷം (ഫിർഔനിന്റെ) ശരീരം ഇങ്ങനെ നിലനിൽക്കുക എന്നത് സാധ്യമല്ല..[7]

കാര്യം ഇങ്ങനെയാണ് എന്നിരിക്കെ ഖുർആനിലെ ആയത്തുകൾക്ക് സത്യവിശ്വാസം കൊണ്ട് നമ്മെ മുൻ കടന്ന മുൻഗാമികൾക്ക് പരിചയമില്ലാത്ത

[7] ശൈഖ് മുഹമ്മദ് ബിൻ ഹിസാമിന്റെ telegram ചാനലിൽ നിന്നും. https://tlgrm.me//ibnhizam

അവർ പഠിച്ചിട്ടില്ലാത്ത വ്യഖ്യാനങ്ങൾ എങ്ങനെയാണ് നമുക്കിടയിൽ പ്രചാരം നേടിയത്..അല്ലാഹു നമ്മെ ദീനിന്റെ ശത്രുക്കളുടെ കുതന്ത്രങ്ങളിൽ നിന്നും രക്ഷിക്കുമാറാകട്ടെ..സഹാബികൾ നിലകൊണ്ട ദീനിൽ നമ്മെയും ഉറപ്പിച്ചു നിർത്തുമാറാകട്ടെ..

Compiled by Abu Easa Rashid.